"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കെ മരണപ്പെട്ട രാജൻ.കെ.കെ-യുടെ മകനായ ശ്രീ.കൃഷ്ണരാജ്-ന് ആശ്രിത നിയമന പദ്ധതി പ്രകാരം ക്ലർക്ക് ആയി നിയമനം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു.എ.) വകുപ്പ്

സ.ഉ.(കൈ) നം.108/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/06/2021

---

പരാമർശം:- 1. 24.05.1999 ലെ സ.ഉ(അച്ചടി) 12/99/ഉഭപവ.

2. ശ്രീ.കൃഷ്ണരാജ് സമർപ്പിച്ച 19.11.2019 ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 25.05.2020ലെ ഇ2/512/2020/സി.ഇ.എസ്./സി.ഇ./തസ്വഭവ നം. കത്ത്.

4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24.04.2021ലെ DCTVM/4680/2020-S6 നം. കത്ത്.

**ഉത്തരവ്**

എൽ.എസ്.ജി.ഡി.ഡിവിഷൻ ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ ഓവർസീയർ ഗ്രേഡ് I ആയിരിക്കേ 28.06.2007 ൽ മരണപ്പെട്ട രാജൻ.കെ.കെ-യുടെ മകനായ ശ്രീ.കൃഷ്ണരാജ് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 22 വർഷവും 7 മാസവും 2 ദിവസവും ആണ്.

2.അപേക്ഷകന്റെ ജനനതീയതി 07.03.2000 ആകയാൽ ടിയാന് ഇപ്പോൾ 21 വയസ്സുണ്ട്. ടിയാൻ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാൻ സെക്കന്ററി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും തിരുവനന്തപുരം ജില്ലാ കളക്ടറും യഥാക്രമം പരാമർ ശം 3 , 4 പ്രകാരം ശ്രീ.കൃഷ്ണരാജ്-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീ.കൃഷ്ണരാജ്, പരേതനായ രാജൻ.കെ.കെ-യുടെ മകനാണ്. പരേതന്റെ മറ്റ് അനന്തരാവകാശികൾ എല്ലാം തന്നെ അപേക്ഷകന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ.കൃഷ്ണരാജ്, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പരേതന്റെ മാതാവ്, വിധവ എന്നിവരെ ജീവിതകാലം മുഴുവൻ സംരക്ഷിച്ചു കൊള്ളാമെന്നും മൈനറായ സഹോദരനെ പ്രയപൂർത്തിയാകുന്നതു വരെ സംരക്ഷിച്ചുകൊള്ളാമെന്നും സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 7,25,760/- (ഏഴ് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എഴുന്നൂറ്റി അറുപത്) രൂപയാണ് എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസീയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട രാജൻ.കെ.കെ-യുടെ മകനായ ശ്രീ.കൃഷ്ണരാജ്-ന്. പരാമർ ശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. തിരുവനന്തപുരം ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകന് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ.കൃഷ്ണരാജ്, 'ചിത്തിര', എം.ആർ.എ. ഡി-37, നെട്ടയം പി.ഒ., തിരുവനന്തപുരം - 695 013.(രജിസ്റ്റേഡ് തപാൽ മുഖേന).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.(മരണപ്പെട്ട രാജൻ.കെ.കെ-യുടെ സേവന പുസ്തകം സഹിതം)
3. ജില്ലാ കളക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. പൊതു ഭരണ (സി.ഇ. സെൽ) വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 22-06-2021 11:01:44
Reason: Approved
സെക്ഷൻ ഓഫീസർ